# INDIAN SCHOOL SOHAR
## FINAL EXAM (2019-20)
## MALAYALAM

**CLASS:IX** **MAX. MARKS: 80**
**DATE:10/03/2020** **DURATION: 3 HRS.**

**General instructions**

- _ Please check that this question paper contains 4 printed pages.
- _ Please check that this question paper contains 4 sections
- _ Please write down the Serial Number of the question before attempting it.
- _ The Question Paper is divided in to four sections:-

| | |
|---|---|
| Section A: Reading Comprehension | 10 marks |
| Section B: Writing | 14 marks |
| Section C: Grammar | 20 marks |
| Section D: Literature | 36 marks |

## എ വിഭാഗം

1.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (10)

ഒരു ജനതയുടെ സാംസ്കാരികപൈതൃകത്തിലെ അത്യന്തസുന്ദരവും അമൂല്യവുമായ ഘടകമാണ് നാടൻപാട്ടുകൾ. ഈ ഗാനശാഖ മനുഷ്യന്റെ സൗന്ദര്യബോധം, ആചാരാനുഷ്ഠാനങ്ങൾ,ജീവിതസങ്കൽപങ്ങൾ, കലാകൗതുകം, സാമൂഹികബോധം, കഠിനാധ്വാനം എന്നിവയുടെ വികാരപരമായ ആവിഷ്കാരമാണ്. പ്രകൃതി പ്രതിഭാസങ്ങൾ നിരീക്ഷണപടുക്കളായ മനുഷ്യരിൽ ഉണർത്തിവിട്ട അനുഭൂതി വിശേഷങ്ങൾ ഇവയുടെ അന്തഃചൈതന്യമായി വർത്തിക്കുന്നു. പരിഷ്കാരത്തിൽ നിന്ന് വളരെ അകന്ന് നിൽക്കുന്ന ഗ്രാമീണ ജനതയുടെ ക്ലേശം നിറഞ്ഞ ദൈനംദിന ജീവിതത്തിന് ഉണർവ്വും ചൊടിയും ചേർക്കാൻ വേണ്ടി അവരിൽ വാസനയുള്ള ചിലർ ഒന്നിച്ച് ചേർന്ന് പാടിയും വായ്ത്താരിയിട്ടും ഗാനരൂപം പ്രാപിച്ചവയാണ് നാടൻപാട്ടുകൾ. "ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ ഉണ്ടാക്കപ്പെട്ട ജനങ്ങളുടെ പാട്ടുകൾ" എന്ന് എസ്.ഗുപ്തൻനായർ നാടൻപാട്ടുകളെപ്പറ്റി പറഞ്ഞത് തികച്ചും അർത്ഥവത്താണ്. ജനകീയ കവിതകളുടെ അസ്ഥിവാരം തേടിപ്പോകുന്ന ഗവേഷകൻ ചെന്നെത്തുന്നത് നാടൻപാട്ടുകളുടെ കലവറയിലാണ്. കാരണം, അടിസ്ഥാന ജനവിഭാഗത്തിന്റെ കലയാണിത്. ഒരു ജനവിഭാഗത്തിന്റെ സ്വഭാവ സവിശേഷതകളും ജീവിത നിലവാരവും കാവ്യസങ്കല്പങ്ങളും നാടൻപാട്ടുകളിൽ പ്രതിഫലിക്കുന്നു.

**ചോദ്യങ്ങൾ**

a) നാടൻപാട്ടുകളിൽ അന്തഃചൈതന്യമായി വർത്തിക്കുന്നത് എന്താണ്?

b) നാടൻപാട്ടുകൾ ജൻമമെടുത്തത് എങ്ങനെയാണ്?

c) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കണ്ടെത്തുക

d) ജനകീയ കവിതകളുടെ അസ്ഥിവാരം തേടിപ്പോകുന്ന ഗവേഷകൻ ചെന്നെത്തുന്നത് എവിടെയാണ്? അതിന് കാരണമെന്ത്?

e) എസ്.ഗുപ്തൻ നായർ നാടൻപാട്ടുകളെ നിർവചിച്ചത് എങ്ങനെയാണ്?

## ബി വിഭാഗം

2.ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (7)

a) വൃദ്ധരോടുള്ള പുതിയ തലമുറയുടെ സമീപനം

b) ജനപ്പെരുപ്പം ഉയർത്തുന്ന ഭീഷണികൾ

c) വർദ്ധിച്ച് വരുന്ന റോഡപകടങ്ങളും പരിഹാരമാർഗ്ഗങ്ങളും

**3.നിങ്ങളുടെ പ്രദേശത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന പകർച്ചപ്പനി നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് കത്ത് തയ്യാറാക്കുക.** **(7)**

## സി വിഭാഗം

**4.പ്രയോഗം മാറ്റുക.** **(2)**

a) എനിക്ക് ശല്യമായി തീർന്നിരിക്കുന്ന ഈ വസ്ത്രങ്ങൾ നിങ്ങൾ സ്വീകരിക്കുമോ?

b) ഇതിനുമുമ്പ് ഇതുപോലൊരു വ്യക്തി ഓണത്തിന് പുതുവസ്ത്രങ്ങൾ സമ്മാനിച്ചിരുന്നു.

**5.അംഗ അംഗി വാക്യങ്ങൾ വേർതിരിക്കുക.** **(2)**

a) വരാന്തയുടെ കൈവരിയിൽ തന്റെ കൈ പിടിപ്പിച്ചിട്ട് അവൾ ഓടിപ്പോയി.

b) ഭാവിചരിത്രത്തിലേക്കു പ്രതിധ്വനിക്കുന്ന ആ വരികളിലെ മാനി എന്ന വാക്കിനു മുമ്പിൽ ഞാൻ ചിന്താമൂകനായി നിൽക്കുന്നു.

**6.വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2)**

a) പെട്ടെന്ന് സിസ്റ്ററമ്മ ഉച്ചത്തിൽ എല്ലാവരോടുമായി ഉറക്കെ വിളിച്ചുപറഞ്ഞു.

b) തേച്ചുമിനുക്കി മൂർച്ചകൂട്ടിയ മഴുവും വളയമാക്കി തോളിലേറ്റിയ വടമായി മൂന്നുപേർ മുറ്റത്ത് വന്നു.

**7.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **(2)**

a) മൊട്ടണിഞ്ഞു

b) തെളിയുമിരുൾ

**8.വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക.** **(2)**

a) അഞ്ചിതഗീതകങ്ങൾ

b) ആഴിനേർവർണ്ണൻ

**9.പര്യായപദമെഴുതുക.** **(2)**

a) ദീപം

b) വള

**10.നാനാർത്ഥം എഴുതുക.** **(2)**

a) മേനി

b) വേല

**11.വിപരീതം എഴുതുക.** **(2)**

a) പുണ്യവാൻ (പുണ്യവതി , ദുഷ്ടൻ, ക്രൂരൻ, പാപി)

b) നന്ദി (നിന്ദ, ശത്രുത, വെറുപ്പ്, സ്തുതി)

**12.അർത്ഥവ്യത്യാസമെഴുതുക.** **(2)**

a) കാന്തി, കാന്ത (ശോഭ, വെറുപ്പ്, ഭാര്യ, നാണം, )

b) ദിശ, ദശ ( അവസ്ഥ, ദിക്ക്, മെഴുക്ക്, ദിവസം)

**13.എതിർലിംഗം എഴുതുക.** **(2)**

a) പ്രാപ്തൻ (പ്രാപ്ത, അപ്രാപ്ത, പ്രാപ്തി, മുക്ത)

b) കാള (പോത്ത്, പശു, എരുമ, മൂരി)

## ഡി വിഭാഗം

**14.ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** (4)

**a)**. ഉല്ലേഖഗായകൻ എന്ന വിശേഷണത്താൽ അറിയപ്പെടുന്ന കവി ആര്?
(ഇടശ്ശേരി, ഉള്ളൂർ, വയലാർ രാമവർമ്മ, കുമാരനാശാൻ)

**b).** ലോകാതിശായിയാം സൗന്ദര്യമേലുന്ന നാലിതൾപ്പൂവ് വിരിയിച്ചതാര്?
(കുട്ടൻ, കവി, വാല്മീകി, നിരൂപകർ )

**c)**.എന്നോ പഴകിയൊരോർമ്മകൾ മാതിരി നിന്നു വിറയ്ക്കുന്നതാര്?
( കവി, നിലാവ്, സഖി, ഏകാന്തതാരകൾ)

**d)**. "ചൊൽക്കൊണ്ടു നിന്നൊരു തേരിൽക്കരേറിയ
ദ്ദിക്കിനെനോക്കി നടന്നാനപ്പോൾ" ..ആരാണ് തേരിൽ കയറിയത്?
(അക്രൂരൻ, ശ്രീകൃഷ്ണൻ, മാമുനിമാർ, ഗോപികമാർ)

**e)**.താഴെക്കൊടുത്തവരിൽ നോബൽസമ്മാനം ലഭിച്ച സാഹിത്യകാരൻ ആര്?
(ഇടശ്ശേരി, സാറാതോമസ്, ഹെർമൻ ഗുണ്ടർട്ട്, ഹെർമ്മൻ ഹെസ്സെ)

**f).** 'കുപ്പിവളകൾ' എന്ന പാഠഭാഗം ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു?
(ചെറുകഥ, നോവൽ, ഉപന്യാസം, കവിത)

**g)**.കുമാരനാശാന്റെ കണ്ണുകളിലെ അശ്രുബിന്ദുക്കളായി ലേഖകൻ പറയുന്ന കൃതികൾ ഏവ?
(നളിനിയും ചിന്താവിഷ്ടയായ സീതയും, ചിന്താവിഷ്ടയായ സീതയും ലീലയും, ലീലയും നളിനിയും, കരുണയും ദുരവസ്ഥയും)

**h).** ശങ്കരൻകുട്ടിയുടെ മുഖത്ത് ഒരു ചെറുചിരി വിടർന്നു... എപ്പോൾ?
(തൊട്ടിലിൽ കിടക്കുന്ന കുഞ്ഞിനെ കണ്ടപ്പോൾ, ശാന്തമ്മയെ കണ്ടപ്പോൾ, പശുവിനെ കണ്ടപ്പോൾ, അമ്മയെ കണ്ടപ്പോൾ)

**15.ഉത്തരമെഴുതുക.**

**a).** അമ്പാടിയിലേക്ക് പോകുന്ന അക്രൂരന്റെ മനസ്സിൽ ഉയരുന്ന ചിന്തകൾ എന്തെല്ലാം? (4)

**b)**. കുപ്പിവളകൾ എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക. (4)

**c).** "ശുഭാപ്തിവിശ്വാസമാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്നത്". വിശ്വം ദീപമയം എന്ന പാഠഭാഗത്തിലെ ആശയങ്ങളെ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക. (4)

**d).** "കൊല്ലണം അല്ലേ? എന്തൊരു കഷ്ടമാണിത്. വൃക്ഷങ്ങൾക്കു പകയില്ലെന്ന കാര്യവുമറിയില്ല. വെട്ടിമുറിക്കുമ്പോഴുണ്ടാകുന്ന വേദന പൊറുക്കണമെന്ന് വെട്ടുകാരനപേക്ഷിച്ചാൽ നിരസിക്കുന്നതെങ്ങനെ"? ഈ വരികളിലൂടെ പ്ലാവിന്റെ മനോഭാവം വ്യക്തമാക്കാൻ കഥാകൃത്തിന് സാധിച്ചീട്ടുണ്ടോ? വിവരിക്കുക. (4)

**e).**നദി സിദ്ധാർഥന് പകർന്നുനൽകിയ അറിവുകൾ എന്തെല്ലാമാണ്? വിശകലനം ചെയ്യുക. (4)

**f).** "എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ?".. ഈ വരികളുടെ പൊരുൾ കണ്ടെത്തുക. (4)

16.ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (8)

a) 'അസാമാന്യമായ പ്രസംഗപാടവം നരേന്ദ്രനുണ്ടായിരുന്നു'... ഈ അഭിപ്രായത്തോട് യോജിക്കാനാവുമോ? നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതുക.

b) ധ്യാനത്തിന്റെ പരമപദമായ നിർവികല്പസമാധി നരേന്ദ്രന് അനുഭവിക്കാൻ കഴിഞ്ഞതെങ്ങനെയാണ്?

c) വിവേകാനന്ദന്റെ അന്ത്യനിമിഷങ്ങൾ എങ്ങനെയായിരുന്നു?

**********************